**കൊച്ചിൻ ദേവസ്വം ബോർഡ്**
**ചോറ്റാനിക്കര ദേവസ്വം**

**ക്വട്ടേഷൻ പരസ്യം**

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും അറിയിയ്ക്കുന്നത്.

ചോറ്റാനിക്കര ദേവസ്വം കെട്ടിടങ്ങളോടു ചേർന്നുള്ള സെപ്റ്റിക്ടാങ്കുകളിലെ മാലിന്യങ്ങളും .അന്നദാനമണ്ഡത്തിലെ വേസ്റ്റ് കുഴിയിലെ മലിനജലവും നീക്കം ചെയ്യുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. 12/11/2022 മുതൽ ഒരു വർഷക്കാലയളവിലേക്കാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്.

ക്വട്ടേഷനുകൾ 18/10/2022 തിയ്യതി 11.30 AM മണിയ്ക്ക് മുൻപായി അസിസ്റ്റൻറ് കമ്മീഷ്ണറാഫീസിൽ വച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതും ആയത് അന്നേദിവസം 12 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിയ്ക്കുന്നതും, കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ നിരസിക്കുന്നതിനോ, മറ്റൊരു തിയ്യതിയിലേക്ക് മാറ്റി വയ്ക്കുന്നതിനോ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരമുള്ളതായിരിക്കും.

ക്വട്ടേഷനോടൊപ്പം ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണറുടെ പേരിൽ 5000/- ക.യുടെ ഡി.ഡി. (ചോറ്റാനിക്കര ബാങ്ക് ഓഫ് ബറോഡയിൽ മാറാവുന്നത്) അടക്കം ചെയ്യേണ്ടതാണ്. ടാങ്കുകൾ നിറയുന്ന മുറയ്ക്ക് കരാറുകാരനെ അറിയിക്കുന്നതും, ഭക്തജനങ്ങൾക്കും, പൊതുജനത്തിനും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ മാലിന്യം നീക്കം ചെയ്യേണ്ടതുമാണ്. കരാറുകാരൻ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനും നിക്ഷേപിക്കുന്നതിനും ലൈസൻസ് വാങ്ങേണ്ടതാണ്.

ക്വട്ടേഷനിൽ ലോറി 1ക്ക് അളവുസഹിതം ആയതിൻെറ തുക കാണിയ്ക്കേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരിപൂർണ്ണ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

മേൽസംഗതിയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിലോ, സത്രത്തിലോ പ്രവൃത്തിസമയങ്ങളിൽ അന്വേഷിക്കാവുന്നതാണ്.

ചോറ്റാനിക്കര

അസിസ്റ്റൻറ് കമ്മീഷ്ണർ
ചോറ്റാനിക്കര ദേവസ്വം